# പ്രതിജ്ഞ

എന്റെ നാടിനോടും, സമൂഹത്തോടും, ഞാൻ ജീവിക്കുന്ന പരിസ്ഥിതിയോടും, ജീവന്റെ ഉറവിടമായ ഭൂമിയോടും ഞാൻ അങ്ങേയറ്റം നന്ദിയും, കടപ്പാടും, പ്രതിബദ്ധതയും കാത്തു സൂക്ഷിക്കുമെന്ന് ഭാരതത്തിന്റെ എഴുപതാം സ്വാതന്ത്ര്യ ദിനമായ ഇന്ന് പ്രതിജ്ഞ ചെയ്യുന്നു. ഞാനോ എന്റെ കുടുംബാംഗങ്ങളോ ഉത്പാദിപ്പിക്കുന്ന ഖരമാലിന്യം പൊതു സ്ഥലത്തേക്ക് വലിച്ചെറിയാതെ ജൈവം, അജൈവം എന്നിങ്ങനെ തരംതിരിച്ചു ഞാൻ ശേഖരിക്കുകയും ജൈവ മാലന്യം എന്റെ വീട്ടിലോ, ഞാൻ പ്രവർത്തിക്കുന്ന/ പഠിക്കുന്ന സ്ഥാപനത്തിലോ ശാസ്ത്രീയമായി സംസ്കരിക്കുന്നതുമാണ്. ഞാനോ എന്റെ കുടുംബാംഗങ്ങളോ ശേഖരിച്ച് സൂക്ഷിച്ചിട്ടുള്ള അജൈവമാലിന്യം പുനരുപയോഗത്തിനോ, പുന:ചംക്രമണത്തിനോ ആയി സർക്കാർ നിർദ്ദേശിച്ചിട്ടുള്ള സംവിധാനങ്ങൾക്ക് കൈമാറുന്നതാണ്. സ്വാതന്ത്ര്യം എന്നത് അർത്ഥപൂർണമാകുവാൻ ഈ ഭൂമിയുടെ ഹരിതശോഭക്ക് കോട്ടം വരുത്തുന്നതോ വരും തലമുറയ്ക്ക് ബാധ്യതയാകുന്നതോ ആയ ഒരു പ്രവർത്തിയിലും ഏർപ്പെടില്ല എന്നു ഞാൻ ഉറപ്പ് നൽകുന്നു. മാലിന്യമില്ലാത്ത കേരളത്തിനായി നടത്തുന്ന എല്ലാ പ്രവർത്തനങ്ങളിലും പൂർണ മനസ്സോടെ ഭാഗഭാക്കാകുമെന്നും സർക്കാർ നിർദ്ദേശിക്കുന്ന നടപടികൾക്ക് സർവാത്മനാ പിന്തുണ നൽകുമെന്നും ഞാൻ ഉറപ്പു നൽകുന്നു.

പ്രതിജ്ഞ............ പ്രതിജ്ഞ.............. പ്രതിജ്ഞ